**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 492** **10-02-2025 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക വികസനത്തിനുള്ള ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തോട് രാഷ്ട്രീയമായി പക പോക്കുന്നതിനും സാമ്പത്തിക ദുരിതം മൂർച്ഛിപ്പിച്ച് ഉദാരവത്ക്കരണ നയത്തിലേയ്ക്ക് സംസ്ഥാനത്തെ തള്ളി വിടുന്നതിനുമായി കേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ളതായി പറയപ്പെടുന്ന ഉപരോധത്തിലും ജനങ്ങളുടെ വാങ്ങൽ ശേഷി വളർത്തുന്നതിനും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (GSDP) വാർഷിക വളർച്ചാ നിരക്ക് 2023-24 ൽ, ത്വരിത കണക്കുകൾ പ്രകാരം, സ്ഥിരവിലയിൽ 6.5 ശതമാനമാണ്. ഇത് മുൻവർഷത്തിൽ 4.2 ശതമാനമായിരുന്നു. സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും പോസിറ്റീവ് വളർച്ചയാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. പ്രതിശീർഷ ജിഎസ്ഡിപി സ്ഥിരവിലയിൽ 2023-24 ൽ 5.5 ശതമാനം വളർന്ന് ഇപ്പോൾ 1,76,072 രൂപയായി (ദേശീയ ശരാശരി 1,24,600 രൂപയാണ്). മുൻ വർഷത്തെ അപേക്ഷിച്ചുള്ള കേരളത്തിന്റെ വരുമാന വളർച്ചയിൽ സംസ്ഥാനം എടുത്ത നയസമീപനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്.<br><br>സംസ്ഥാനത്തിന്റെ വികസനത്തിൽ സാമ്പത്തികാസൂത്രണത്തിന് പ്രധാന പങ്കാണുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ പൊതു ചെലവഴിക്കലിന്റെ വ്യാപ്തി വർദ്ധിപ്പിക്കലും വിശാലമാക്കലും തുടരുന്നു. കൂടാതെ മനുഷ്യ വിഭവശേഷിയുടെ നേട്ടങ്ങൾ സാമ്പത്തിക വളർച്ചയ്ക്കുള്ള ഒരു അടിസ്ഥാന ഘടകമായും ഉപയോഗിക്കുന്നു. ഉല്പാദന മേഖലകളിലും ഉന്നത നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങളിലും വരുമാനം നൽകുന്ന സേവന മേഖലകളിലും (ടൂറിസവും വിവര സാങ്കേതിക വിദ്യയും ഉൾപ്പെടെ) ചെറുകിട, ഇടത്തരം ബിസിനസ്സുകളിലും പ്രാദേശിക സർക്കാരുകളിലും നിക്ഷേപം വർദ്ധിച്ചിട്ടുണ്ട്. ആധുനിക തൊഴിലുകളിൽ നിക്ഷേപം നടത്തുന്നതിലും, അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ളവർക്കും വേണ്ട സാമൂഹ്യ സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിലും സംസ്ഥാനം പ്രത്യേകം ശ്രദ്ധിക്കുന്നു. |
| (ബി) | സാമ്പത്തിക വികസനത്തിനുള്ള ഉറപ്പായ മാർഗ്ഗമെന്ന നിലയിൽ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (GSDP) വാർഷിക വളർച്ചാ നിരക്ക് 2023-24 ൽ, ത്വരിത കണക്കുകൾ പ്രകാരം, സ്ഥിരവിലയിൽ 6.5 ശതമാനമാണ്. ഇത് മുൻവർഷത്തിൽ 4.2 ശതമാനമായിരുന്നു. സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും പോസിറ്റീവ് വളർച്ചയാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. പ്രതിശീർഷ ജിഎസ്ഡിപി സ്ഥിരവിലയിൽ 2023-24 ൽ 5.5 ശതമാനം വളർന്ന് ഇപ്പോൾ 1,76,072 രൂപയായി (ദേശീയ ശരാശരി 1,24,600 രൂപയാണ്). മുൻ വർഷത്തെ അപേക്ഷിച്ചുള്ള കേരളത്തിന്റെ വരുമാന വളർച്ചയിൽ സംസ്ഥാനം എടുത്ത നയസമീപനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്.<br><br>സംസ്ഥാനത്തിന്റെ വികസനത്തിൽ സാമ്പത്തികാസൂത്രണത്തിന് പ്രധാന പങ്കാണുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ പൊതു ചെലവഴിക്കലിന്റെ വ്യാപ്തി വർദ്ധിപ്പിക്കലും വിശാലമാക്കലും തുടരുന്നു. കൂടാതെ മനുഷ്യ വിഭവശേഷിയുടെ നേട്ടങ്ങൾ സാമ്പത്തിക വളർച്ചയ്ക്കുള്ള ഒരു അടിസ്ഥാന ഘടകമായും ഉപയോഗിക്കുന്നു. ഉല്പാദന മേഖലകളിലും ഉന്നത നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങളിലും വരുമാനം നൽകുന്ന സേവന മേഖലകളിലും (ടൂറിസവും വിവര സാങ്കേതിക വിദ്യയും ഉൾപ്പെടെ) ചെറുകിട, ഇടത്തരം ബിസിനസ്സുകളിലും പ്രാദേശിക സർക്കാരുകളിലും നിക്ഷേപം വർദ്ധിച്ചിട്ടുണ്ട്. ആധുനിക തൊഴിലുകളിൽ നിക്ഷേപം നടത്തുന്നതിലും, അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ളവർക്കും വേണ്ട സാമൂഹ്യ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും സംസ്ഥാനം പ്രത്യേകം ശ്രദ്ധിക്കുന്നു. |
| (സി) | ധനദൃഢീകരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ വായ്പ - വരുമാന അനുപാതം സർക്കാർ ലക്ഷ്യമിട്ട നിലയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട് എന്നാൽ ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള കടബാധ്യതയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം നിലനിർത്താൻ സംസ്ഥാനത്തിന് |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടില്ലായെങ്കിലും പ്രസ്തുത അനുപാതം 2021-22 സാമ്പത്തിക വർഷത്തിന് ശേഷം ഏറ്റവും കുറഞ്ഞ തോതിൽ കൊണ്ടുവരാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള കടബാധ്യതയും ജി.എസ്.ഡി.പിയും തമ്മിലുള്ള അനുപാതം 33.70 ശതമാനത്തിനെതിരായി 34.20 ശതമാനമാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 492 - 10/02/2025 - ലെ മറുപടിക്ക്**

## സാമ്പത്തിക വികസനത്തിനുള്ള ഇടപെടലുകൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. നന്ദകുമാർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ.കെ.എൻ.ബാലഗോപാൽ**
**(ധനകാര്യ വകുപ്പുമന്ത്രി)**

| നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തോട് രാഷ്ട്രീയമായി പക പോക്കുന്നതിനും സാമ്പത്തിക ദുരിതം മൂർച്ഛിപ്പിച്ച് ഉദാരവത്ക്കരണ നയത്തിലേയ്ക്ക് സംസ്ഥാനത്തെ തള്ളി വിടുന്നതിനുമായി കേന്ദ്രം ഏർപ്പെടുത്തിയിട്ടുള്ളതായി പറയപ്പെടുന്ന ഉപരോധത്തിലും ജനങ്ങളുടെ വാങ്ങൽ ശേഷി വളർത്തുന്നതിനും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (GSDP) വാർഷിക വളർച്ചാ നിരക്ക് 2023-24 ൽ, ത്വരിത കണക്കുകൾ പ്രകാരം, സ്ഥിരവിലയിൽ 6.5 ശതമാനമാണ്. ഇത് മുൻവർഷത്തിൽ 4.2 ശതമാനമായിരുന്നു. സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും പോസിറ്റീവ് വളർച്ചയാണ് സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്. പ്രതിശീർഷ ജിഎസ്ഡിപി സ്ഥിരവിലയിൽ 2023-24 ൽ 5.5 ശതമാനം വളർന്ന് ഇപ്പോൾ 1,76,072 രൂപയായി (ദേശീയ ശരാശരി 1,24,600 രൂപയാണ്). മുൻ വർഷത്തെ അപേക്ഷിച്ചുള്ള കേരളത്തിന്റെ വരുമാന വളർച്ചയിൽ സംസ്ഥാനം എടുത്ത നയസമീപനങ്ങൾക്ക് സുപ്രധാന പങ്കുണ്ട്. |
| (ബി) | സാമ്പത്തിക വികസനത്തിനുള്ള ഉറപ്പായ മാർഗ്ഗമെന്ന നിലയിൽ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | സംസ്ഥാനത്തിന്റെ വികസനത്തിൽ സാമ്പത്തികാസൂത്രണത്തിന് പ്രധാന പങ്കാണുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ പൊതു ചെലവഴിക്കലിന്റെ വ്യാപ്തി വർദ്ധിപ്പിക്കലും വിശാലമാക്കലും തുടരുന്നു. കൂടാതെ മനുഷ്യ വിഭവശേഷിയുടെ നേട്ടങ്ങൾ സാമ്പത്തിക വളർച്ചയ്ക്കുള്ള ഒരു അടിസ്ഥാന ഘടകമായും ഉപയോഗിക്കുന്നു. ഉല്പാദന മേഖലകളിലും ഉന്നത നിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങളിലും വരുമാനം നൽകുന്ന സേവന മേഖലകളിലും (ടൂറിസവും വിവര സാങ്കേതിക വിദ്യയും ഉൾപ്പെടെ) ചെറുകിട, ഇടത്തരം ബിസിനസ്സുകളിലും പ്രാദേശിക സർക്കാരുകളിലും നിക്ഷേപം വർദ്ധിച്ചിട്ടുണ്ട്. ആധുനിക |

| | | |
|---|---|---|
| | | തൊഴിലുകളിൽ നിക്ഷേപം നടത്തുന്നതിലും, അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ളവർക്കും വേണ്ട സാമൂഹ്യ സേവനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും സംസ്ഥാനം പ്രത്യേകം ശ്രദ്ധിക്കുന്നു. |
| (സി) | ധനദൃഢീകരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിന്റെ വായ്പ - വരുമാന അനുപാതം സർക്കാർ ലക്ഷ്യമിട്ട നിലയിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട് എന്നാൽ ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള കടബാധ്യതയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതം നിലനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലായെങ്കിലും പ്രസ്തുത അനുപാതം 2021-22 സാമ്പത്തിക വർഷത്തിന് ശേഷം ഏറ്റവും കുറഞ്ഞ തോതിൽ കൊണ്ടുവരാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള കടബാധ്യതയും ജി.എസ്.ഡി.പിയും തമ്മിലുള്ള അനുപാതം 33.70 ശതമാനത്തിനെതിരായി 34.20 ശതമാനമാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. |

Nisy Das

**സെക്ഷൻ ഓഫീസർ**